LIBRARY ARCHIVES Kerala Legislative Assembly

സഹായകരമാകും. നിലവിലുള്ള വ്യവസായങ്ങൾ കൂടാതെ പുതിയ സംരംഭകർക്കും ഇതുമായി ബന്ധപ്പെട്ടവർക്കും ഈ വെബ്പ് പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്താൻ സാധിക്കും. ഇത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലെ വ്യവസായങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ദേശീയ-അന്തർദ്ദേശീയ വിപണികളിൽ കടന്നു ചെല്ലുവാനും പ്രത്യേകിച്ച് കോവിഡ് കാലത്തിനുശേഷം അവർക്കു പ്രയോജനപ്പെടുന്ന ദേശീയ- അന്തർദ്ദേശീയ ബയർമാർ/ കമ്പനികളുമായി വ്യാപാര പങ്കാളിത്തത്തിൽ ഏർപ്പെടുവാനും സാധിക്കും. ഇതിനുപുറമെ ചെറുകിട-ഇടത്തരം-സൂക്ഷ്മ സംരംഭങ്ങളുടെ വിപണി സാധ്യത പ്രോൽസാഹിപ്പിക്കുന്നതിനായി കിൻഫ്ര കാക്കനാട് ഒരു അന്തർദേശീയ നിലവാരമുള്ള എക്സിബിഷൻ സെന്റർ സ്ഥാപിക്കുവാനുള്ള പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി

121(5280) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉത്പാദന വികസനത്തിനും നവീകരണത്തിനു മുതകുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരളത്തിലും പുറത്തും പ്രവർത്തിക്കുന്ന വിവിധ സാങ്കേതിക/ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലന സഹായങ്ങൾ സൂക്ഷ്മ -ചെറുകിട-ഇടത്തരം സംരംഭകരുടെ വികസനത്തിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിലും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റിന്റെ നേതൃത്വത്തിലും ചെയ്തുവരുന്നുണ്ട്. ഇതുകൂടാതെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിനും സംരംഭകത്വം പരിചയപ്പെടുത്തുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി ക്ലബ്ബുകൾ രൂപീകരിച്ചും സഹായം നൽകിവരുന്നുണ്ട്. സർക്കാർ-ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ചെറുകിട വ്യവസായ മേഖലയുടെ വികസനം

122(5281) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ മേഖലയുടെ വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?